# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5105 | 28.10.2016-ൽ മറുപടിയ്ക്ക് |
|---|---|
| ODF ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടി | |
| ചോദ്യം | ഉത്തരം |
| ശ്രീ.സി.ദിവാകരൻ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാനത്തെ ഓപ്പൺ ഡിഫൈക്കേഷൻ ഫ്രീആയി പ്രഖ്യാപിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കമോ; | (എ) | കേരള സംസ്ഥാനത്തെ ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ ആയി പ്രഖ്യാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ കൊടുക്കുന്നു.<br>◆ വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണത്തിന് കേന്ദ്ര സർക്കാർ വിഹിതമടക്കം (സ്വച്ഛ് ഭാരത് മിഷൻ) ആകെ 15400 രൂപയാണ് യൂണിറ്റ് കോസ്റ്റ്. ഗ്രാമ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് പണിയുന്നതിനുള്ള കേന്ദ്ര സഹായം ലഭ്യമാകുന്നതിന് കാലതാമസം വന്ന സാഹചര്യത്തിൽ എല്ലാ കുടുംബങ്ങൾക്കും ശൗചാലയ സൗകര്യം ഉറപ്പാക്കുന്നതിനുള്ള ധനം ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ പ്ളാൻ ഫണ്ടിൽ നിന്നോ തനതുഫണ്ടിൽ നിന്നോ വകയിരുത്തി, വ്യക്തിഗത ഗാർഹിക ശൗചാലയം പണിയുന്നതിനുള്ള സർക്കാർ ഉത്തരവുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ പഞ്ചായത്തുകളും പ്രോജക്ട് വച്ച് പദ്ധതി ഏറ്റെടുത്തു.<br>◆ മുൻസിപ്പൽ കോർപ്പറേഷനുകൾക്കും, നഗര സഭകൾക്കും സ്വച്ഛ് ഭാരത് മിഷൻ (അർബൻ) ഫണ്ട് ലഭ്യമാക്കി. അധിക തുക പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തി പ്രോജക്ട് രൂപീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകി.<br>◆ ദുർഘട ഗ്രാമ പ്രദേശങ്ങളിൽ പണിയേണ്ടുന്ന 39120 ടോയ്‌ലറ്റുകൾക്ക് അധികം ആവശ്യമായി വരുന്ന 99 കോടി രൂപ പഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക സഹായമായി അനുവദിച്ചു കൊണ്ടും അതിൻ പ്രകാരം പ്രോജക്ട് തയ്യാറാക്കുവാൻ അനുമതി നൽകിയും സർക്കാർ ഉത്തരവായിട്ടുണ്ട്.<br>◆ ജലനിധി പ്രോജക്ട് പ്രദേശമായ 115 ഗ്രാമ പഞ്ചായത്തുകളിൽ ജലനിധി മുഖേന ഗാർഹിക ശൗചാലയ നിർമ്മാണ പ്രോജക്ട് ഏറ്റെടുത്തു.<br>◆ ഉപേക്ഷിക്കപ്പെട്ട സ്വകാര്യ എസ്റ്റേറ്റ് ലയങ്ങളിൽ ഗാർഹിക ശൗചാലയങ്ങളും സാനിട്ടറി കോംപ്ളക്സും പണിയുന്നതിനുള്ള സർക്കാർ അനുമതി നൽകി.<br>◆ സർക്കാർ- സ്വകാര്യ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടിൽ നിന്ന് ബുദ്ധിമുട്ടേറിയ പ്രദേശങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് അധിക തുക കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി.<br>◆ കുടുംബശ്രീ, കൊമേഴ്സ്യൽ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ മുഖേന ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിന് പ്രാദേശികമായി സൗകര്യങ്ങൾ ഉറപ്പാക്കി. |

| | | | |
|---|---|---|---|
| | | | ◆ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സേവനവും റിസോഴ്സ് പേഴ്സൺമാരുടെ സേവനവും, കമ്മ്യൂണിറ്റി മൊബിലൈസേഷൻ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുണ്ട്.<br>◆ World Bank, UNICEF എന്നീ സ്ഥാപനങ്ങളുടെ പിന്തുണയോടു കൂടി റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം നൽകി. പ്രാദേശികമായി അനുയോജ്യമായ സാങ്കേതിക വിദ്യകൾ കണ്ടെത്തി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ചെലവ് പരിമിതപ്പെടുത്തിയ നിർമ്മാണ സങ്കേതിക രീതികളിൽ COSTFORDന്റെ നേതൃത്വത്തിൽ മേസൺ പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. ജലദൗർലഭ്യ പ്രദേശങ്ങളിൽ എക്കോസാൻ ടോയ്‌ലറ്റുകൾ ഗുണഭോക്താക്കളെ പരിചയപ്പെടുത്തി വരുന്നു.<br>◆ MSW വിദ്യാർത്ഥികൾ, എഞ്ചിനീയറിംഗ് കോളജുകളിലെ നാഷണൽ സർവ്വീസ് സ്കീം വോളന്റിയേഴ്സ് എന്നിവരുടെ സേവനം ബോധവൽക്കരണം, കക്കൂസ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തി വരുന്നു.<br>◆ മുഖ്യമന്ത്രി, വകുപ്പുമന്ത്രി തലങ്ങളിൽ സംസ്ഥാനത്തെ പുരോഗതി നിരന്തരം അവലോകനം നടത്തി വരുന്നു. ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് മന്ത്രിമാരെ ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. മന്ത്രിമാർ ജില്ലാതല റിവ്യൂ നടത്തിവരുന്നു. മന്ത്രിമാരെ സഹായിക്കുന്നതിന് അതാത് വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാരെ ചുമതലപ്പെടുത്തി.<br>◆ ചീഫ് സെക്രട്ടറിയും, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാ കളക്ടർമാരുമായുള്ള പ്രതിവാര വീഡിയോ കോൺഫറൻസ് സംഘടിപ്പിച്ച് പുരോഗതി അവലോകനം ചെയ്തു വരുന്നു. |
| (ബി) | ഇതിന് മുന്നോടിയായി എത്ര കടുംബങ്ങൾക്ക് ശൗചാലയങ്ങൾ നിർമ്മിച്ച് നൽകിയെന്നും ഇതിനായി ചെലവായ തുക എത്രയെന്ന് വ്യക്തമാക്കമോ? | (ബി) | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ 24.10.2016 വരെ 174196 ശൗചാലയങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഇതിനായി സ്വച്ഛ് ഭാരത് മിഷൻ വിഹിതം 20903.52 ലക്ഷം രൂപയാണ് ചെലവഴിക്കേണ്ടത്. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് ലഭ്യമാകുന്നതിന് കാലതാമസം വന്നതിനാൽ ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും, ജലനിധി ഫണ്ടിൽ നിന്നും മുൻകൂറായി വഹിച്ചുവരുന്നുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ പണി തുടങ്ങിയ 7291 ടോയ്‌ലറ്റിൽ 1687 ടോയ്‌ലറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി സ്വച്ഛ് ഭാരത് മിഷൻ (അർബൻ) ഫണ്ടിൽ നിന്നും 381.60 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ